(സി) ഗുരുവായൂർ ക്ഷേത്രത്തിൽ തീപിടുത്തം, മോഷണം, ഭീകരാക്രമണം, വെള്ളപ്പൊക്കം, ഭൂമികുലുക്കം, ആനകളുടെ മരണം, ചികിത്സ, ആക്രമണം, കന്നുകാലികളുടെ മരണം, ജീവനക്കാരുടെ ചികിത്സാ ചെലവ്, അപകടം മൂലമുള്ള പരിക്ക്, മരണം, ഇലക്ട്രിക് സാധനങ്ങളുടെ കേടുപാടുകൾ എന്നിവയ്ക്കെതിരെയാണ് ഇൻഷ്വർ ചെയ്തിട്ടുള്ളത്.

കൂടൽമാണിക്യം ദേവസ്വത്തിൽ തീപിടുത്തം, മോഷണം, അപകടം എന്നീ കാര്യങ്ങൾക്കെതിരെയാണ് ഇൻഷ്വർ ചെയ്തിട്ടുള്ളത്.

ക്ഷേത്രങ്ങൾക്കുള്ള ധനസഹായം

98 [416] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്തെ ക്ഷേത്രങ്ങൾക്ക് സർക്കാരിൽ നിന്നും എത്ര രൂപയുടെ ധനസഹായം നൽകി;

(ബി) കണ്ണൂർ ജില്ലയിലെ എത്ര ക്ഷേത്രങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) തലശ്ശേരി എ.ആർ. ആന്റ് സി. ഇ-യുടെ കീഴിലുള്ള എത്ര ക്ഷേത്രങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെ കീഴിലെ ക്ഷേത്ര ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള മാനേജ്മെന്റ് ഫണ്ടിലേക്ക് 3 കോടി രൂപയും ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി 50 ലക്ഷം രൂപയും സർക്കാർ നൽകിയിട്ടുണ്ട്.

(ബി) പുനരുദ്ധാരണ ഗ്രാന്റിനത്തിൽ കണ്ണൂർ ജില്ലയിൽ 59 ക്ഷേത്രങ്ങൾക്കും മാനേജ്മെന്റ് ഫണ്ടിൽ നിന്നും 90 ക്ഷേത്രങ്ങൾക്കും ഹിന്ദുമതധർമ്മ സ്ഥാപന (ഭരണ) വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി, ഡി) തലശ്ശേരി ഡിവിഷനിൽ 19 ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണ ഗ്രാന്റും മാനേജ്മെന്റ് ഫണ്ടിൽ നിന്നും 90 ക്ഷേത്രങ്ങൾക്ക് ധനസഹായവും അനുവദിച്ചിട്ടുണ്ട്. ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly